ഭരണഭാഷ-മാതൃഭാഷ

നം.ക്യൂ.ഐ.പി(1)/24765/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 09..08..2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - 2020-21 അദ്ധ്യയന വർഷം നൽകിയ വർഷാന്ത വിലയിരുത്തലിനുള്ള വർക്ക്ഷീറ്റുകളുടെ പ്രവർത്തനം പൂർത്തീകരിച്ച് സ്കോർ നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 18/05/2021 - ൽ ഈ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയ സർക്കുലർ നമ്പർ ക്യൂ.ഐ.പി/9141/2020/ഡി.ജി.ഇ

*****

2020-21 അദ്ധ്യയന വർഷത്തെ വർഷാന്ത വിലയിരുത്തലുമായി ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കഴിഞ്ഞ മെയ് മാസം എല്ലാ സ്കൂളുകളിലും എത്തിച്ചിരുന്നു. എന്നാൽ ആ സമയം സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ വർക്ക്ഷീറ്റുകൾ സമയബന്ധിതമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. ലോക്ക്ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് വർക്ക്ഷീറ്റുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണെന്ന് സൂചന സർക്കുലർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

വിവിധ സ്കോളർഷിപ്പുകൾക്ക് മാനദണ്ഡമാക്കുന്നത് വാർഷിക പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് ആയതിനാൽ സ്കോർഷീറ്റ് തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ സ്കൂൾ തലത്തിൽ തന്നെ ചോദ്യങ്ങൾക്ക് അടിസ്ഥാന മാർക്ക് നിശ്ചയിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സ്കോർ ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. എല്ലാ സ്കൂളുകളിലും **2021 ആഗസ്റ്റ് 13**-ന് മുമ്പ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കോർഷീറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ